## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

സൂക്ഷ്മ-ചെറുകിടസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

2470 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിടസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്നു വിശദമാക്കുമോ;

(ബി) വ്യവസായവകുപ്പിനുകീഴിൽ സംരംഭകത്വസഹായപദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുതപദ്ധതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

പ്രവര്‍ത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങള്‍ പുനരുദ്ധരിക്കുന്നതിനുള്ള നടപടി

2471 ശ്രീ. കെ. മുരളീധരന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, പി. സി. വിഷ്ണുനാഥ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വര്‍ഷങ്ങളായി പ്രവര്‍ത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങള്‍ പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇത് സാദ്ധ്യമാകാത്ത സാഹചര്യമുണ്ടെങ്കില്‍ അവയുടെ സ്ഥലങ്ങള്‍ ഉള്‍പ്പെടെയുള്ള സൗകര്യങ്ങള്‍ സംസ്ഥാനത്തിന്റെ വ്യവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വ്യവസായ പാർക്കുകൾ</u>

2472 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും ഓരോ വ്യവസായ പാർക്ക് എന്ന പ്രഖ്യാപനം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ, ഏതെല്ലാം ജില്ലകളിൽ ഇതിന്റെ ഭാഗമായി വ്യവസായ പാർക്കുകൾ സ്ഥാപിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയത്; പ്രസ്തുത ഏജൻസി ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുതപദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എവിടെയാണ് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ</u>

2473 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വ്യവസായങ്ങളാണ് പ്രസ്തുത വകുപ്പിന് കീഴിൽ വരുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനം, പഴയന്നൂർ വ്യവസായ പാർക്ക്</u>

2474 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ടെന്ന് പറയുമോ;

(സി) ചേലക്കര മണ്ഡലത്തിലെ പഴയന്നൂർ വ്യവസായ പാർക്ക് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കമ്പ്യൂട്ടർ ഹാർഡ്‌വെയർ വ്യവസായമേഖലയുടെ വളർച്ചയ്ക്കായുള്ള പദ്ധതികൾ</u>

2475 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കമ്പ്യൂട്ടർ ഹാർഡ്‌വെയർ വ്യവസായമേഖലയുടെ വളർച്ചക്കായി എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ എത്ര തുകയുടെ നിക്ഷേപമാണ് സംസ്ഥാനത്തിന് കൈവന്നതെന്ന് വിശദമാക്കാമോ;

(സി) കമ്പ്യൂട്ടർ ഹാർഡ്‌വെയർ രംഗത്ത് പുതുതായി വ്യവസായ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സിറ്റിസൺ കോൾ സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ</u>

2476 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിറ്റിസൺ കോൾ സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ആരുടെ നിയന്ത്രണത്തിലാണ് ഈ സെന്റർ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സേവനങ്ങളാണ് ഈ സെന്റർ വഴി ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പൊതുജനങ്ങൾക്ക് മുതിർന്ന ഉദ്യോഗസ്ഥന്മാർക്കും, മന്ത്രിമാർക്കും പരാതികൾ സമർപ്പിക്കുന്നതിനുള്ള സംവിധാനം ഈ സെന്റർ വഴി ലഭ്യമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി</u>

2477 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്കരണ മിഷൻ പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി ആരാണ്;

(ഡി) ഈ പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ</u>

2478 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായസംരംഭങ്ങൾ അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്, വൈദ്യുതി ചാർജ്ജ് വർദ്ധനവ് തുടങ്ങിയ വിവിധ കാരണങ്ങളാൽ അടച്ചുപൂട്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ഇത്തരത്തിലുള്ള കാരണങ്ങളാൽ അടച്ചുപൂട്ടപ്പെട്ട എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്ന് പറയാമോ; ആലപ്പുഴ ജില്ലയിൽ ഇപ്രകാരം എത്ര സ്ഥാപനങ്ങൾ ഇതിനോടകം അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കുമോ;

(സി) ഇരുമ്പും ഉരുക്കും അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചിരുന്ന എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ചേർത്തല താലൂക്കിൽ ഈ സർക്കാർ കാലയളവിൽ അടച്ചുപൂട്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) കയറ്റിറക്ക് തീരുവകളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾമൂലം അടച്ചുപൂട്ടപ്പെടുകയും നഷ്ടത്തിലേക്ക് പോകുകയും ചെയ്യുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ബാങ്ക് വായ്പകളും പലിശയും, വൈദ്യുതി ചാർജ്ജ് കുടിശ്ശികയും എഴുതിത്തള്ളാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കളിമണ്ണ് വ്യവസായം നേരിടുന്ന പ്രതിസന്ധി</u>

2479 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായ കളിമണ്ണ് വ്യവസായം വേണ്ടത്ര അസംസ്കൃത വസ്തുക്കൾ ലഭ്യമാകാതെ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നീർത്തട സംരക്ഷണ നിയമത്തിൽ നിന്നുകൊണ്ട് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കി ഈ വ്യവസായത്തേയും അതിൽ പണിയെടുക്കുന്ന തൊഴിലാളികളേയും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വ്യവസായ സംരംഭകർക്കായുള്ള സ്ഥലം</u>

2480 ശ്രീ. സി. ദിവാകരൻ
,, ഇ.കെ. വിജയൻ
,, ജി.എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ വ്യവസായം തുടങ്ങുന്നതിന് സ്ഥലം അനുവദിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഒന്നും ചെയ്യാതിരിക്കുന്ന എത്ര നിക്ഷേപകരുണ്ട്;

(ബി) ഇത്തരം വ്യവസായസംരംഭകർക്കായി മൊത്തം എത്ര സ്ഥലം എത്രപേർക്കായി അനുവദിച്ചു; ഇതിൽ എത്ര സ്ഥലം എത്രപേർ പ്രയോജനപ്പെടുത്തി;

(സി) സ്ഥലം പ്രയോജനപ്പെടുത്താത്തവരിൽനിന്നും ഈ ഭൂമി തിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനകം എത്ര ഭൂമി തിരിച്ചെടുത്തു; ഇനി എത്ര ഭൂമി തിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് - തിരുവനന്തപുരം അതിവേഗ റെയില്‍ ഇടനാഴി പദ്ധതി</u>

2481 ശ്രീ. സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് - തിരുവനന്തപുരം അതിവേഗ റെയില്‍ ഇടനാഴി പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഇതിനായി എത്ര ചെലവുവരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത തുക എവിടെനിന്ന് സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) സ്വകാര്യ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കില്‍ ഏത് തരത്തിലുള്ളതാണ്;

(ഇ) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളില്‍ ഉളവായിട്ടുള്ള ആശങ്ക ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത്തരം പരാതികളില്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ പ്രവർത്തനം

2482 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ഇപ്പോൾ ലാഭത്തിൽ ആണോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്;

(ബി) ആണെങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ടി സ്ഥാപനത്തിനുണ്ടായ ലാഭം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) അല്ലെങ്കിൽ ഉണ്ടായ നഷ്ടം എത്രയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കിനാലൂർ ഗ്യാസ് ബോട്ടലിംഗ് പ്ലാന്റ്</u>

2483 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എമർജിംഗ് കേരളയുടെ ഭാഗമായി കിനാലൂരിൽ ഗ്യാസ് ബോട്ടലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

വരവൂർ വ്യവസായ പാർക്ക്

2484 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വഭ്യമാക്കുമോ;

(സി) ഭൂമി വ്യവസായ വകുപ്പ് ഏറ്റെടുക്കുന്നതിലുള്ള കാലതാമസത്തിന് കാരണങ്ങളെന്താണെന്ന് പറയുമോ;

(ഡി) നിർദ്ദിഷ്ട ഭൂമിയിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സമയബന്ധിതമായി വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വ്യവസായ സംരംഭം തുടങ്ങാത്തവരിൽ നിന്നും ഭൂമി തിരിച്ചെടുക്കൽ</u>

2485 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായം നടത്താനെന്ന പേരിൽ സ്ഥലം ഏറ്റെടുത്തിട്ട്, ഒന്നും ചെയ്യാതിരിക്കുന്ന നിക്ഷേപകരിൽ നിന്നും വിവിധ കിൻഫ്ര പാർക്കുകളിൽ നിന്നും എത്ര ഏക്കർ സ്ഥലം തിരിച്ചെടുക്കുന്നു; സ്ഥലം അലോട്ട് ചെയ്തിട്ട് എത്ര വർഷം കഴിഞ്ഞവരിൽ നിന്നാണ് സ്ഥലം തിരിച്ചെടുത്തത് ഇവർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) എമർജിംങ്ങ് കേരള സമ്മേളനത്തിന് മുമ്പ് സ്ഥലം വ്യവസായത്തിനെന്ന പേരിൽ കൈക്കലാക്കാൻ ശ്രമിക്കുന്ന നിക്ഷേപകരെക്കുറിച്ച് വിവാദം ഉയർന്നത് ശ്രദ്ധയിൽപ്പെട്ടുവോ; അതിന്റെ ഭാഗമായിട്ടാണോ ഇത്തരത്തിൽ സ്ഥലം ഏറ്റെടുക്കുവാൻ കിൻഫ്ര തീരുമാനിച്ചത്; വിശദമാക്കുമോ;

(സി) ഒന്നോ, രണ്ടോ ഏക്കർ എടുത്തിട്ടും ഒന്നും ചെയ്യാത്തവർക്കും ഒഴിയാൻ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വ്യവസ്ഥകൾ അനുസരിച്ച് സ്ഥലം ഏറ്റെടുത്താൽ എത്ര മാസത്തിനകം പ്ലാൻ സമർപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; എത്ര വർഷത്തിനുളളിൽ പണി തീർക്കണം; എത്ര സമയത്തിനുളളിൽ പ്രവർത്തനം ആരംഭിക്കണം; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത വ്യവസ്ഥകൾ പാലിക്കാത്ത ഏതൊക്കെ നിക്ഷേപകരിൽ നിന്നും കിൻഫ്ര ഇതിനകം സ്ഥലം തിരിച്ചെടുത്തു; എത്ര ഏക്കർ വീതം തിരിച്ചെടുത്തു; ഇവർക്ക് നഷ്ടപരിഹാരമായി എന്ത് തുക നൽകി; വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

(എഫ്) നിലവിൽ ഒഴിയാൻ ആവശ്യപ്പെട്ട് കിൻഫ്ര നോട്ടീസ് നൽകിയ പ്രമുഖ നിക്ഷേപകർ ആരൊക്കെ ആണെന്നും അവരുടെ കൈവശം എത്ര ഏക്കർ ഭൂമി വീതമുണ്ടെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

റാന്നിയിൽ കിൻഫ്ര അപ്പാരൽ പാർക്ക്

2486 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കിൻഫ്ര അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി വ്യവസായ വകുപ്പ് എന്നാണ് തീരുമാനിച്ചത്; ഇതിനായി എത്ര ഏക്കർ ഭൂമിയാണ് റവന്യൂ വകുപ്പ് മുഖേന റാന്നിയിലെ ഉതിമൂട്ടിൽ ലഭിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച് എന്നാണ് ഉത്തരവിറങ്ങിയിട്ടുള്ളത്; പ്രതിവർഷം എത്ര രൂപയാണ് പാട്ടത്തുകയായി റവന്യൂ വകുപ്പിൽ അടയ്ക്കേണ്ടത്; ഉത്തരവിറങ്ങിയതിനുശേഷം ഓരോ വർഷവും പാട്ടത്തുക അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ

(ബി) നിർദ്ദിഷ്ട സ്ഥലത്ത് അപ്പാരൽ പാർക്കിനായി കെട്ടിടം നിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; ഇതു സംബന്ധിച്ച് എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളത്;

(സി) ഇതിന്റെ ഡിസൈൻ ഇപ്പോഴെങ്കിലും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പത്തനംതിട്ട ജില്ലയിലെ ഏറ്റവും വിപുലമായ പ്രസ്തുത വ്യവസായ സംരംഭത്തിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ എന്തൊക്ക നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്
<u>എമർജിംഗ് കേരള പദ്ധതി നടത്തിപ്പിൽ നേരിടുന്ന പ്രശ്നങ്ങൾ</u>

2487 ശ്രീ. സി. മോയിൻകുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള സംഗമത്തിൽ സംരംഭകർ അവതരിപ്പിച്ച പദ്ധതികളുടെ വയബിലിറ്റി പരിശോധനകൾ പൂർത്തിയായിക്കഴിഞ്ഞോ;

(ബി) എങ്കിൽ അവയിൽ പ്രാവർത്തികമെന്ന് കണ്ടെത്തിയ പദ്ധതികളെക്കുറിച്ച് വിശമാക്കാമോ;

(സി) ഇവയുടെ നടത്തിപ്പിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; അതുപരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയിലൂടെ ഭരണാനുമതി ലഭിച്ച പദ്ധതികൾ</u>

2488 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'എമർജിംഗ് കേരള'യിലൂടെ വ്യവസായ വകുപ്പിന് കീഴിൽ എത്ര പ്രോജക്ടുകൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് എമർജിംങ് കേരള</u>

2489 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് (ജിം) എത്ര രൂപയാണ് ചെലവായത് ;

(ബി) ജിമ്മിൽ എത്ര കോടി രൂപയുടെ നിക്ഷേപങ്ങൾക്കാണ് ധാരണയായതെന്ന് ഓരോ പ്രോജക്ടിന്റെ പേരും അടങ്കൽ തുകയും സഹിതം വ്യക്തമാക്കാമോ ;

(സി) ഇതനുസരിച്ച് എത്ര പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് പദ്ധതിയുടെ പേരും ഇപ്പോഴത്തെ അതിന്റെ പ്രവർത്തനപുരോഗതിയും സഹിതം വ്യക്തമാക്കാമോ;

(ഡി) ജിം എവിടെ വച്ചാണ് സംഘടിപ്പിച്ചത് ; ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) അടുത്ത കാലത്ത് നടത്തിയ എമേർജിംഗ് കേരള എന്ന പരിപാടിയുടെ ലക്ഷ്യമെന്താണ് ; ഇത് സംഘടിപ്പിച്ചത് എവിടെയാണ് ; ഇതിന് എത്ര കോടി രൂപ ഏതൊക്കെ ഇനങ്ങളിൽ ചെലവഴിച്ചുയെന്നും ഓരോന്നും ലഭിച്ചിട്ടുള്ള ഏജൻസി/സ്ഥാപനം/വ്യക്തികൾ/എന്നിവയുടെ പേര് സഹിതം വ്യക്തമാക്കുമോ ;

(എഫ്) എമേർജിംഗ് കേരളയിൽ എത്ര പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതെന്ന് പ്രോജക്ടുകളുടെ പേരും, അടങ്കൽ തുകയും, പ്രൊമോട്ട് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും സഹിതം വ്യക്തമാക്കാമോ ; ഇവയുടെ ലോഞ്ചിംഗിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട് ; ഇതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

കിനാലൂര്‍ കെ.എസ്.ഐ.ഡി.സി യിലെ
വ്യവസായ യൂണിറ്റുകള്‍

2490 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിനാലൂര്‍ കെ.എസ്.ഐ.ഡി.സി യില്‍ എത്ര വ്യവസായ യൂണിറ്റുകള്‍ ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നുണ്ട്;

(ബി) കൂടുതല്‍ വ്യവസായികളെ ആകര്‍ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി നാളികേര പാർക്കിൽ തുടങ്ങുന്ന വ്യവസായങ്ങൾ</u>

2491 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് മുന്നോടിയായി കോഴിക്കോട് വെച്ച് സംരഭകരുടെ യോഗം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്കിൽ വ്യവസായം തുടങ്ങുന്നതിന് എത്ര സംരംഭകർ മുന്നോട്ട് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടി സംരംഭകർക്ക് സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകുക എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികൾക്ക് പുതിയ നിയമം</u>

2492 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരിയായ നിലയിൽ പ്രവർത്തിച്ചുവരുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികൾക്ക് പുതിയ നിയമം ഉണ്ടാക്കുന്നതിന് തയ്യാറാകുമോ;

(ബി) മതിയായ നിയമവ്യവസ്ഥയില്ലാത്തതിനാൽ പ്രസ്തുത രംഗത്ത് പ്രവർത്തിച്ചുവന്നിരുന്ന ലക്ഷക്കണക്കിന് ആളുകളുടെ ഭാവി അനിശ്ചിതാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി ഇതുവരെ ഈ സർക്കാർ നടത്തിയിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>ഖാസിമാരുടെ നിയമനം</u>

2493 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 1880-ലെ ഖാസി ആക്ട് അനുസരിച്ച് ഏതെല്ലാം സ്ഥലങ്ങളിൽ ഖാസിമാരെ നിശ്ചയിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇവർക്കുള്ള അധികാരം എന്താണ് ;

(സി) ഒരു സ്ഥലത്ത് ഖാസിയെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഡി) സർക്കാർ നിശ്ചയിക്കുന്ന ഖാസിക്ക് ഉപഖാസിമാരെ നിശ്ചയിക്കാൻ അധികാരമുണ്ടോ ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>കാടാമ്പുഴയിലെ ബാംബു കോർപ്പറേഷൻ പ്രോസസിംഗ് യൂണിറ്റ്</u>

2494 ഡോ.കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാടാമ്പുഴയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ബാംബു കോർപ്പറേഷന്റെ പ്രോസസിംഗ് യൂണിറ്റ് പ്രവർത്തനം നിലച്ചെങ്കിലും യൂണിറ്റ് നിൽക്കുന്ന കെട്ടിടമുടമയ്ക്ക് മുടങ്ങാതെ വാടകയും സെക്യൂരിറ്റി ജീവനക്കാരന്റെ ശമ്പളവും നൽകുന്നുണ്ടോ;

(ബി) ഈ യൂണിറ്റ് നിർത്തിയതു മൂലം തൊഴിലാളികളുടെ വേതനമല്ലാതെ മറ്റെന്തു ലാഭിക്കാനാണ് കഴിഞ്ഞത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ യൂണിറ്റ് തുറന്നു പ്രവർത്തിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു മുതൽ പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ബാംബു കോർപ്പറേഷന്റെ പ്രൊസസിംഗ് യൂണിറ്റുകൾ</u>

2495 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കാടാമ്പുഴയിൽ ബാംബു കോർപ്പറേഷന്റെ പ്രോസസിംഗ് യൂണിറ്റ് ഇപ്പോൾ പ്രവർത്തനക്ഷമമാണോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) എന്ന് മുതൽക്കാണ് പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിർത്തിയത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത യൂണിറ്റിനായി എത്ര ലക്ഷം രൂപയുടെ മെഷീനറിയാണ് അവിടെ സ്ഥാപിച്ചിട്ടുള്ളത് ;

(ഇ) പ്രസ്തുത യൂണിറ്റിന്റെ കൂടെ പ്രവർത്തനം നിർത്തിയിരുന്ന നാദാപുരം, മാനന്തവാടി, പാലക്കാട് എന്നിവിടങ്ങളിലെ പ്രോസസിംഗ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ ഉപയോഗം</u>

2496 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൈലാട്ടിയിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഏക്കർ സ്ഥലമാണുള്ളത്;

(ബി) ഇതിൽ ഉദുമ ടെക്സ്റ്റയിൽ മിൽസിന് (മൈലാട്ടി) എത്ര ഏക്കർ സ്ഥലം നൽകിയിട്ടുണ്ട്;

(സി) ബാക്കി വരുന്ന സ്ഥലം ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത സ്ഥലത്ത് എന്തെങ്കിലും വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവരുന്നതിന് ടി സ്ഥാപനം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ</u>

2497 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം ഏത് മാസം വരെ പെൻഷൻ വിതരണം കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം കുടിശ്ശിക പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം വന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) തടസ്സം നീക്കം ചെയ്ത് തൊഴിലാളികൾക്കുള്ള പെൻഷൻ എപ്പോൾ ലഭിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

നിയമാനുസൃത ക്വാറി, ക്രഷർ, ഗ്രാനൈറ്റ് ഖനനകേന്ദ്രങ്ങൾ

T2498 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കരവാരം പുളിമാത്ത്, നഗരൂർ പഴയകുന്നുമ്മേൽ, കിളിമാനൂർ ഗ്രാമപഞ്ചായത്തുകളിലായി എത്ര ക്വാറികളും ക്രഷറുകളും ഗ്രാനൈറ്റ് ഖനനകേന്ദ്രങ്ങളും നിയമാനുസൃതമായും ലൈസൻസോടുകൂടിയും പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഓരോന്നിന്റെയും ലൈസൻസ് ആരുടെ പേരിലാണെന്ന് പഞ്ചായത്തും ഇനവും തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

പഴമ്പാലക്കാട് വില്ലേജിലെ മണ്ണ്, മണൽ, കളിമണ്ണ് ഖനനത്തിനുള്ള അനുമതി

2499 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ തരൂർ 1 വില്ലേജിൽ പഴമ്പാലക്കോട് പടിഞ്ഞാറ്റുമുറിയിൽ റീസർവ്വെ 45/3-ൽപ്പെട്ട ഭൂമിയിൽ നിന്നും മണ്ണ്, മണൽ, കളിമണ്ണ് എന്നിവ ഖനനം ചെയ്യുന്നതിന് വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്; വ്യവസായ ആവശ്യത്തിനുവേണ്ടിയാണോ ഇവ ഉപയോഗിക്കുന്നത്;

(ബി) ദി മിനറൽസ് (റഗുലേഷൻ & ഡെവലപ്മെന്റ് )ആക്ട് 1957-ന് വിധേയമായിട്ടാണോ ഖനനാനുമതി നൽകിയിട്ടുള്ളത്; അല്ലെങ്കിൽ ആയതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു; നിയമത്തിന് വിരുദ്ധമായി അനുമതി നൽകാൻ വകുപ്പിന് അധികാരമുണ്ടോ; വിശദമാക്കുമോ ;

(സി) വ്യവസായ വകുപ്പ് ഖനനാനുമതി നൽകുന്നതിനുമുമ്പ് റവന്യൂ, പഞ്ചായത്ത്, കൃഷി വകുപ്പുകളുടെ അനുമതി തേടിയിരുന്നോ; അനുമതി ലഭിച്ചിരുന്നോ;

(ഡി) ജില്ലാ കളക്ടർ, മൈനിംഗ് & ജിയോളജി ജില്ലാ മേധാവി എന്നിവരുടെ റിപ്പോർട്ട് തേടിയിരുന്നോ; റിപ്പോർട്ട് ലഭിച്ചിരുന്നോ; റിപ്പോർട്ട് ഖനനത്തിന് അനുകൂലമായിരുന്നോ; വ്യക്തമാക്കുമോ ;

(ഇ) ഈ വിഷയത്തിൽ ജനങ്ങളുടെ പ്രതിഷേധം പാരിസ്ഥിതിക പ്രശ്നം, പ്രാദേശിക സർക്കാരിന്റെ എതിർപ്പ് എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**13.02.2013-ലെ മറുപടിക്ക്**

<u>അനധികൃത മണൽ കടത്ത് തടയുന്നതിനുള്ള നടപടികൾ</u>

2500 ശ്രീ. എ. റ്റി. ജോർജ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മണൽകടത്ത് തടയുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് ഇ-പാസ്സ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) മണൽകടത്തുകാരും മറ്റുള്ളവരും ചേർന്ന് പാസ്സുകളിൽ കൃത്രിമം കാട്ടി മണൽകടത്ത് നടത്തുന്നത് തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഭരണതലത്തിൽ ഇതിനായി എന്തെല്ലാം ക്രമീകരിങ്ങളാണ് നടത്തിയിട്ടുളളത്?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

മരുതോങ്കര പഞ്ചായത്തിലെ കരിങ്കൽ ക്വാറികൾ

T2501 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മരുതോങ്കര പഞ്ചായത്തിൽ നീറ്റിക്കോട് പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറിക്കെതിരെ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) മരുതോങ്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എത്ര ക്വാറികൾക്ക് മതിയായ ലൈസൻസ് ഉണ്ടെന്ന് ഉടമയുടെ പേര് സഹിതം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>കൈത്തറി എന്ന വ്യാജേന പവ്വർലൂം തുണിത്തരങ്ങൾ സംഭരണം</u>

2502 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി എന്ന വ്യാജേന പവ്വർലൂം തുണിത്തരങ്ങൾ സംഭരിക്കാറുണ്ടോ ; അന്യസംസ്ഥാനങ്ങളിൽനിന്നും സംഭരിച്ച പവ്വർലൂം തുണിത്തരങ്ങൾക്ക് എത്ര ശതമാനം റിബേറ്റ് നൽകിയിട്ടുണ്ട് ; കഴിഞ്ഞ 5 വർഷത്തിൽ ഓരോ വർഷവും റിബേറ്റ് ഇനത്തിൽ എത്ര തുക ഹാൻടെക്സിന് ലഭ്യമായിട്ടുണ്ട് ;

(ബി) ഇക്കഴിഞ്ഞ 5 വർഷക്കാലത്ത് ഓരോ വർഷവും സംഭരിച്ച യൂണിഫോം തുണിത്തരങ്ങളുടെ വിൽപ്പന എത്രയാണ് ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംഭരിച്ച യൂണിഫോം തുണിത്തരങ്ങളുടെ വിൽപ്പന എത്രയാണ് ;

(സി) തുണിത്തരങ്ങൾ സംഭരിപ്പിക്കാൻ ചുമതലപ്പെടുത്തിയ ജീവനക്കാർ സാങ്കേതികമായി യോഗ്യതയുള്ളവരാണോ ; ഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗിക സ്ഥാനവും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കോമളപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം</u>

2503 ശ്രീ. പി. എ മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ബി) നവീകരിച്ച മിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) മിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ഇതുമൂലം ഉണ്ടാകുന്ന ബാധ്യതകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ഡി) കോമളപുരം മിൽ പ്രവർത്തിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഇ) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ; സർക്കാറിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കിയവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

<u>ഉദുമ ടെക്സ്റ്റൈൽ മിൽസ്</u>

2504 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഉദുമ ടെക്സ്റ്റൈൽ മിൽസിൽ ഉത്പാദനം തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ, പ്രവർത്തനസജ്ജമായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഉത്പാദനം തുടങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുതസ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) പുതിയ സർക്കാർ വന്നതിനുശേഷം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ എപ്രകാരമാണു കൈക്കൊണ്ടിട്ടുള്ളതെന്നു വിശദമാക്കുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>ഉദുമ ടെക്സ്റ്റൽ പാർക്ക്</u>

2505 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വ്യവസായരഹിത ജില്ലയായ കാസർഗോഡ് ജില്ലയിൽ പൊതുമേഖലയിൽ അനുവദിച്ച ഉദുമ ടെക്സ്റ്റൈൽ പാർക്കിൽ എപ്പോൾ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഉദുമ സ്പിന്നിംഗ് മിൽ</u>

2506 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മിൽ നിർമ്മാണം പൂർത്തിയായത് എന്നാണെന്ന് അറിയിക്കുമോ;

(ബി) ഇതിന് ആകെ എത്ര രൂപ ചെലവായി എന്ന് അറിയിക്കുമോ;

(സി) മിൽ പ്രവർത്തനം തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഹാൻടെക്സ് പ്രസിഡന്റിന് പുതിയ വാഹനം വാങ്ങിക്കുവാൻ അനുവാദം

2507 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സ് പ്രസിഡന്റിന് നിലവിൽ ഔദ്യോഗികവാഹനം ഉള്ളപ്പോൾ പുതിയ വാഹനം വാങ്ങിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ;

(ബി) സർക്കാരിന്റെ അനുമതിയില്ലാതെ ഹാൻടെക്സ് പ്രസിഡന്റിന് പുതിയ വാഹനം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര രൂപയുടെ വാഹനമാണു വാങ്ങിയതെന്നു വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടി എന്തെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഐ. ടി. നയം</u>

2508 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി. നയം അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ. ടി. നയത്തിലെ പ്രധാന കാര്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് കൂടുതൽ ഐ. ടി. നിക്ഷേപകാവസരം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>ഐ.ടി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ</u>

2509 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചത് എവിടെയെല്ലാമാണ്;

(ബി) പുതിയ ഐ.ടി. കമ്പനികൾക്കാവശ്യമായ കെട്ടിട സൗകര്യങ്ങൾ എവിടെയെല്ലാം ഒരുക്കപ്പെട്ടിട്ടുണ്ട്; ഇവയിൽ സെസ് പദവി ലഭിച്ച സ്ഥലങ്ങൾ ഏവ;

(സി) സെസ് പദവി ലഭിച്ച ഏതെല്ലാം സ്ഥലങ്ങളിൽ എത്ര സ്ക്വയർഫീറ്റ് ഐ.ടി. കെട്ടിടങ്ങൾ പുതുതായി അലോട്ട് ചെയ്യാനായി സജ്ജമായിട്ടുണ്ട്;

(ഡി) അടുത്ത രണ്ടുവർഷത്തിനകം നിർമ്മാണം പൂർത്തീകരിച്ച്, ഐ.ടി. കമ്പനികൾക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് കരുതുന്ന സർക്കാർ-സ്വകാര്യ സെസ് പദ്ധതികളെക്കുറിച്ചും ലഭ്യമാകുന്ന കെട്ടിടങ്ങളുടെ വിസ്തീർണ്ണം സംബന്ധിച്ചും വിശദമാക്കാമോ;

(ഇ) തയ്യാറായിവരുന്ന അടിസ്ഥാനസൗകര്യങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>പുതിയ ഐ.ടി. സ്ഥാപനങ്ങൾ</u>

2510 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവര സാങ്കേതികരംഗവുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾ പുതിയതായി സർക്കാർ തലത്തിൽ ആരംഭിച്ചുവെന്നും ആയത് എവിടെയൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ബി) സർക്കാർ തലത്തിലോ സ്വകാര്യതലത്തിലോ പുതിയ ഐ.ടി. സ്ഥാപനങ്ങൾ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) ഐ.ടി.യുമായി ബന്ധപ്പെട്ട് 'എമർജിംഗ് കേരള'യിൽ പുതിയ വ്യവസായ സംരംഭങ്ങൾക്ക് നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ, ആയതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത സംരംഭങ്ങൾ എന്ന് തുടങ്ങുമെന്നും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>ഇ-പ്രൊക്യുർമെന്റ് സംവിധാനം</u>

2511

ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുവാനും കൈകാര്യം ചെയ്യുവാനും എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഏതെല്ലാം ഏജൻസികളുടെ സാങ്കേതികസഹകരണത്തോടുകൂടിയാണ് പ്രസ്തുത സംവിധാനം നടപ്പാക്കുന്നത് ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>ഇ-ജില്ലാപദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങള്‍</u>

2512 ശ്രീ.സി.പി. മുഹമ്മദ്
'' ബെന്നി ബെഹനാന്‍
'' സണ്ണി ജോസഫ്
'' എം.പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇ-ജില്ലാ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളില്‍ ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ഏതെല്ലാം ഏജന്‍സികള്‍ വഴിയാണ്;

(ഡി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിാക്കുന്നതിന് എന്തെല്ലാം നടപടികള്‍ പൂര്‍ത്തിയായിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം

2513 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുവേണ്ടി ആരംഭിച്ച ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിൽനിന്നും ലഭിച്ചുവരുന്ന സേവനം എല്ലാ പഞ്ചായത്തുകളിലെയും ജനസേവനകേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണം</u>

2514 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണത്തിനായി കൂടുതൽ ഭൂമി ലഭ്യമാക്കുന്നതിനടക്കമുള്ള കാര്യങ്ങളിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ;

(ബി) കൊരട്ടി ഇൻഫോ പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലൊണന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ</u>

2515 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്മാർട്ട് സിറ്റി' സമയബന്ധിതമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് സിറ്റി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കുന്നതിന് തടസ്സമായി എന്തൊക്കെ കാര്യങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സ്മാർട്ട് സിറ്റിയുടെ ഉപകേന്ദ്രങ്ങൾ തിരുവനന്തപുരത്തും, കോഴിക്കോട്ടും ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാല പരിസരത്ത്
ഇലക്ട്രോണിക് പാർക്ക്</u>

2516 ശ്രീ. കെ.എൻ.എ. ഖാദർ
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകാലശാല പരിസരത്ത് സർവ്വകലാശാലയുടെ സഹകരണത്തോടെ ഒരു ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുവാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ആയതിനുവേണ്ടി ഐ.ടി. വകുപ്പും സർവ്വകലാശാലയും തമ്മിൽ ഒരു ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(സി) എങ്കിൽ പാർക്ക് എന്നേക്ക് സ്ഥാപിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.02.2013-ലെ മറുപടിക്ക്

<u>കണ്ണൂർ സൈബർ പാർക്ക്</u>

2517 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്ന കണ്ണൂർ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച് സൈബർ പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**13.02.2013-ലെ മറുപടിക്ക്**

<u>അമ്പലപ്പുഴ മണ്ഡലത്തിൽ ഐ. ടി. പാർക്ക്</u>

2518 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഐ. ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) തോട്ടപ്പള്ളിയിൽ ഐ. ടി. പാർക്കിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഐ. ടി. പാർക്ക് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ഡി) എങ്കിൽ, എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.02.2013-ലെ മറുപടിക്ക്

കയ്യൂർ-ചീമേനി ഐ. ടി. പാർക്ക്

2519 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാർ കയ്യൂർ - ചീമേനി പഞ്ചായത്തിൽ ആരംഭം കുറിച്ച ഐ. ടി. പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഫെബ്രുവരി 4.

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.